(സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരുമാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം

62 (67) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ചികിത്സാ ധനസഹായമായി അനുവദിച്ചിരിക്കുന്ന തുക ലഭിക്കാൻ ഏറെ കാലതാമസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചികിത്സാ ധനസഹായത്തിനായി, റിപ്പോർട്ട് യഥാസമയം മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് അയച്ചു കൊടുക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) ബാധകമല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുമുള്ള ചികിത്സാ സഹായം

63 (68) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായത്തിനായി അനുവദിച്ച തുക വിതരണം നടത്തുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിലെ ,ഏത് മാസംവരെയുള്ള അപേക്ഷകർക്കാണ് ധനസഹായം വിതരണം നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ 22-6-2015 തീയതിവരെ ഉത്തരവായ സർക്കാർ ഉത്തരവുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട താലൂക്കുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. താലൂക്ക് തിരിച്ച് കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

64 (69) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ അപേക്ഷ നൽകി ധനസഹായം കിട്ടുന്നതിന് ഇന്ന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) താഴെ പറയുന്ന അപേക്ഷകർക്ക് ധനസഹായം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; പ്രസ്തുത അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ജി.ഒ.യുടെ കോപ്പി ലഭ്യമാക്കാമോ ;

(സി) ശ്രീമതി അമ്മിണി, DRF No. 32887/2015dtd1/6/2015 ശ്രീമതി തങ്കമ്മ, പുത്തൻപുരയിൽ, കോട്ടയം, രാമൻകുട്ടി കെ.പി, പടിഞ്ഞാറെ പെരുന്താനത്ത്, കോട്ടയം, മാത്യു പി.കെ., പുളിക്കയിൽ, മരങ്ങോലി, കോട്ടയം, ഉദയപ്പൻ കടുത്തുരുത്തി, കോട്ടയം ഷജീവ്,നെടിയമ്പത്ത് മെമ്പൂർ dtd 26-11-2014 Pt.No. 52941/CM/2015,ജോസ്, കടവിത്തായിൽ, മന്നാർ പൂഴിക്കോൽ, കടുത്തുരുത്തി തങ്കപ്പൻ, അനിത്താനത്ത്, അറുന്നൂറ്റിമംഗലം, കടുത്തുരുത്തി DRF No. 14390/DRF/2013 dtd. 8-5-2013, മണിയൻ, കൊറ്റമ്പിൽ, കാട്ടാമ്പാക്ക്, കടുത്തുരുത്തി, കോട്ടയം രവി.യു.എൻ., മുളകുളം, കോട്ടയം, ചാക്കോ, തെക്കുംകാട്ടിൽ DRF No. 6332/CM/2015 dtd. 12-2-2015 കൗസല്യ ഇലയാനി തോട്ടത്തിൽ വീട് DRF No. 58359/CM/14dtd. 3-12-2014, ദാസൻ, അനീഷ് ഭവൻ, കുറ്റിക്കാല, മാന്നാർ കടുത്തുരുത്തി DRF No. 29970/CM/14/dtd 30-6-2014, മണി, താന്നിക്കൽ വീട്, പകലോമറ്റം DRF No. 15177/CM/14 dtd 13-3-2014, പി.ഡി.ബാബു കലയന്താനംവീട്, പകലോമറ്റം DRF No. 15177/CM/14 dtd. 13-3-2014 എൽസമ്മാജോസ്, തെക്കെമാളിയേക്കൽ, മുട്ടുചിറ, ലൂസി എം.റ്റി, പൂഴിക്കോൽ, കടുത്തുരുത്തി, കോട്ടയം. ഇവരുടെ ദുരിതാശ്വാസനിധി മുഖ അനുവദിച്ചതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇവർക്ക് സഹായം ലഭ്യമാക്കിയിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ ?